ക്രൈം കേസുകൾ സി.ബി.ഐ.-ക്ക് വിടണമെന്ന ആവശ്യം

117 (7680) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. എ. പ്രദീപ് കുമാർ :
ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസ് അന്വേഷിച്ച ക്രൈം കേസുകൾ സി. ബി.ഐ.-ക്ക് വിടണമെന്ന ആവശ്യം ഉയർന്നുവരുമ്പോൾ അതിന്മേൽ തീരുമാനമെടുക്കുന്നത് ഏതെങ്കിലും മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണോ ; എങ്കിൽ മാനദണ്ഡം വിശദമാക്കാമോ ;

(ബി) സംസ്ഥാനത്തെ പോലീസ് സംവിധാനത്തിന്റെയും സി.ബി.ഐ. സംവിധാനത്തിന്റെയും കേസന്വേഷണരീതിയിൽ പ്രകടമായ എന്തെങ്കിലും വ്യത്യാസങ്ങൾ നിലനിൽക്കുന്നുണ്ടോ ; വിശദമാക്കാമോ ;

(സി) പോലീസ് സംവിധാനത്തിൽ ജനങ്ങളുടെ വിശ്വാസം ഉറപ്പിക്കാൻ സാധിക്കാതെപോകുന്ന ഘടകങ്ങൾ എന്തെങ്കിലും ഉണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഡി) രാഷ്ട്രീയ ഇടപെടലുകൾ പോലീസ് സേനയുടെ മനോവീര്യവും വിശ്വാസ്യതയും ഇല്ലാതാക്കിയതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ & ബി) ബഹു. കോടതികളുടെ ഉത്തരവിന്മേലോ സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിലോ ആണ് കേസുകൾ സി.ബി.ഐ.-ക്ക് കൈമാറുന്നത്. കേസിന്റെ പ്രാധാന്യവും കൊല്ലപ്പെട്ടവരുടെ ബന്ധുക്കളുടെ അപേക്ഷയും പുതിയ വെളിപ്പെടുത്തലുകളും നിയമവശങ്ങളും പരിഗണിച്ചാണ് സി.ബി.ഐ. അന്വേഷണത്തിന് തീരുമാനമെടുക്കുന്നത്. ഒരു സ്വതന്ത്ര ഏജൻസി തുടരന്വേഷണം നടത്തേണ്ടതാണെന്ന് ബോദ്ധ്യപ്പെട്ടാൽ സി.ആർ.പി.സി. 173(8) വകുപ്പ് പ്രകാരം തുടരന്വേഷണം നടത്താൻ അത്തരം കേസുകൾ സി.ബി.ഐ.-ക്ക് വിടാറുണ്ട്.

ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുക എന്നതും കുറ്റകൃത്യങ്ങളുണ്ടായാൽ നിലവിലുള്ള സംവിധാനങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് മികവുറ്റ അന്വേഷണം നടത്തി എത്രയുംപെട്ടെന്ന് കുറ്റവാളികളെ കണ്ടെത്തി നിയമത്തിന് മുമ്പിൽ കൊണ്ടുവരാനുള്ള പ്രവർത്തനങ്ങളാണ് സംസ്ഥാന പോലീസ് നടത്തിവരുന്നത്. കൂടുതൽ അന്വേഷണം വേണ്ടിവരുന്ന പരിമിത എണ്ണം കേസ്സുകൾ മാത്രമേ സിബിഐ. അന്വേഷിക്കുന്നുള്ളൂ. കൂടുതൽ ആഴത്തിലും സൂക്ഷ്മതയിലുമാണ് സി.ബി.ഐ. കേസുകൾ അന്വേഷിക്കുന്നത്. അന്തർ സംസ്ഥാന/അന്താരാഷ്ട്ര ബന്ധമുള്ള കേസുകൾ അന്വേഷിക്കുന്നതിന് സംസ്ഥാന പോലീസിനേക്കാൾ കൂടുതൽ സൗകര്യങ്ങളുള്ളത് സിബിഐ.-ക്കാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പോലീസ് സംവിധാനത്തിൽ ജനങ്ങൾക്ക് വിശ്വാസമില്ലാതെ വരുന്ന സാഹചര്യങ്ങളൊന്നുംതന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സംസ്ഥാനത്ത് പോലീസ് കംപ്ലയിന്റ് അതോറിറ്റി

118 (7681) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. വർക്കല കഹാർ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പോലീസ് കംപ്ലയിന്റ് അതോറിറ്റി പ്രവർത്തിക്കുന്നുണ്ടോ ;

(ബി) അതോറിറ്റിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ;

(സി) പ്രസ്തുത സംവിധാനം കാര്യക്ഷമമാക്കാനും വ്യാപിപ്പിക്കുവാനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്രവർത്തിക്കുന്നുണ്ട്.

(ബി) 2011-ലെ കേരള പോലീസ് ആക്ടിലെ സെക്ഷൻ 110 പ്രകാരം പോലീസ് സൂപ്രണ്ട് മുതൽ മുകളിലോട്ടുള്ള പോലീസ് ഉദ്യോഗസ്ഥർക്കെതിരായ പരാതികൾ സ്റ്റേറ്റ് പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിയും ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് മുതൽ താഴെ റാങ്കിലുള്ള ഏത് പോലീസ് ഉദ്യോഗസ്ഥന്റെയും പേരിലുള്ള പരാതികൾ ജില്ലാ പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിയും പരിശോധിക്കുന്നു. ഇവയിൽ ഗുരുതര സ്വഭാവമുള്ള പരാതികൾ അതായത്, കസ്റ്റഡിയിലുള്ള സ്ത്രീകൾക്കെതിരെയുള്ള ലൈംഗിക പീഡനം, ബലാൽസംഗം, മരണത്തിനിടയാക്കുന്ന പരിക്കേൽപ്പിക്കൽ, ഗുരുതരമായ പരിക്കേൽപ്പിക്കൽ എന്നിവ സംബന്ധിച്ച പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടെയും പരാതികൾ ഉൾപ്പെടെ പരിഗണിക്കുന്നുണ്ട്.

(സി) പ്രസ്തുത സംവിധാനം കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ജനകീയ പോലീസ് സംവിധാനം

119 (7682) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയ പോലീസ് സംവിധാനമായ ജനമൈത്രീ പോലീസ്, പോലീസിന്റെ കേസന്വേഷണത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly